മംഗരയിൽ നടപ്പാലം നിർമ്മാണം

180(888) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചപ്പാരപ്പടവിൽ മംഗരയിൽ നടപ്പാലം നിർമ്മിക്കുന്നതിലേക്കായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മംഗര നടപ്പാലം ആക്ഷൻ കമ്മിറ്റിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പി.ഡബ്ല്യു.ഡി. (റോഡ്സ്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

അരയിടത്ത് പാലത്തിന് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി

181(887) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡിൽ അരയിടത്ത്പാലത്തിന് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന് എന്നാണ് ലഭിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഈ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് തീയതി സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) അരയിടത്ത് പാലത്തിന്റെ റോഡ് നിർമ്മാണത്തിനായുള്ള പൊന്നും വില നടപടിയുടെ അർത്ഥന 25-3-2006-ന് കളക്ടർക്ക് ലഭിച്ചു.

(ബി) പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 23-10-2007-നും പ്രഖ്യാപനം 19-5-2010-നും പ്രസിദ്ധീകരിച്ചു. 20-9-2010-ന് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും 10-1-2011-ൽ ഡി.വി.എസും കളക്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 18-1-2011-ന് പൊന്നുംവില നഷ്ടപരിഹാരത്തിനാവശ്യമായ 68,46,000 രൂപയുടെ ഫണ്ട് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ പി.ഡബ്ല്യു.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. 19-1-2011-ന് അവാർഡ് എൻകയറി നടത്തുന്നതിനായി ഭൂവുടമകൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly